DEEPIKA
ദീപിക
KANNUR EDITION
DATE: 02-01-2025 PAGE NO : 2 COLUMN NO:3

# ജില്ലാ സബ്ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 12ന്

മട്ടന്നൂർ: ജില്ലാ സബ്ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 12ന് മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. 2010 ജനുവരി ഒന്നിനും അതിനു ശേഷവും ജനിച്ചവർക്ക് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന ടീമുകൾ എട്ടിനകം രജിസ്ട്രേഷൻ പൂർത്തീകരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടണം. ഫോൺ: 7902794000

മലയാള മനോരമ
KANNUR EDITION
DATE: 03-01-2025 PAGE NO : 2 COLUMN NO:4

# ത്രോബോൾ ചാംപ്യൻഷിപ്

മട്ടന്നൂർ● ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 12ന് മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടക്കും. 2010 ജനുവരി ഒന്നിനും അതിനു ശേഷവും ജനിച്ചവർക്ക് പങ്കെടുക്കാം. ടീമുകൾ 7 ന് അകം റജിസ്റ്റർ ചെയ്യണം. 7902794080

ദീപിക
KANNUR EDITION
DATE: 13-01-2025 PAGE NO : 2 COLUMN NO:4

## ജില്ലാ സബ് ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

# മട്ടന്നൂർ ബ്രദേഴ്സും ജിഎച്ച്എസ്എസ് മാത്തിലും ചാമ്പ്യന്മാർ

**മട്ടന്നൂർ:** ജില്ലാ സബ് ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ ബ്രദേഴ്സ് ഒന്നാം സ്ഥാനവും കെപിസിഎച്ച്എസ്എസ് പട്ടാന്നൂർ രണ്ടാം സ്ഥാനവും പിആർ മെമ്മോറിയൽ എച്ച്എസ്എസ് കൊളവല്ലൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ ജിഎച്ച്എസ്എസ് മാത്തിൽ ഒന്നാം സ്ഥാനവും ക്രസന്റ് പാലോട്ടുപള്ളി രണ്ടാം സ്ഥാനവും കെ പി സി എ ച്ച് എസ്എസ് പട്ടാന്നൂർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ചാമ്പ്യൻഷിപ്പിന്റെ ഉദ്ഘാടനം മട്ടന്നൂർ എച്ച്എസ്എസ് ഡെപ്യൂട്ടി പ്രധാനാധ്യാപകൻ കെ. ശ്രീജിത്ത് കുമാർ നിർവഹിച്ചു. ടി.പി. ബഷീർ, ശ്യാം സഹജൻ, രാജീവൻ, നകുൽ, കെ.എസ്. സുജ, കെ.വിശാഖ്, പി. അഭിരാം, കെ. ആതിര തുടങ്ങിയവർ പ്രസംഗിച്ചു. മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ മാനേജർ കൃഷ്ണകുമാർ കണ്ണോത്ത് വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു.



ജില്ലാ സബ് ജൂണിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ മാത്തിൽ ജിഎച്ച്എസ്എസ് ടീം.